# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 08.09.2026** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. വടക്ക് കിഴക്കൻ സംസ്ഥാന സന്ദർശനത്തിന് തുടക്കം കുറിച്ച് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ഇറ്റാനഗറിലെത്തും.

   **Vice President C.P. Radhakrishnan arrives in Itanagar today to begin his North-East state visit.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തും മഹാരാഷ്ട്രയും സന്ദർശിക്കും. നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **Prime Minister Narendra Modi visits Gujarat and Maharashtra today to launch several development projects.**

3. ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ സ്ഥിര അംഗത്വത്തിനായുള്ള ഇന്ത്യയുടെ അവകാശവാദത്തെ പിന്തുണച്ച് ലക്സംബർഗ്.

   **Luxembourg supports India's claim for a permanent seat at the UN Security Council.**

4. രാജ്യം പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തതയും ആത്മവിശ്വാസവും കൈവരിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh states that the country achieves self-reliance and confidence in the defence sector.**

5. കേരളത്തിൽ പകൽ ചൂട് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി ദുരന്ത നിവാരണ അതോറിറ്റി.

The Disaster Management Authority issues a public alert as daytime temperatures rise sharply in Kerala.

6. അഹമ്മദാബാദിൽ നടക്കുന്ന വേൾഡ് ആർച്ചറി പാരാ സീരീസിൽ നാല് ഫൈനലുകളിൽ ഇന്ത്യ ഇന്ന് മത്സരിക്കും.

India competes in four finals today at the World Archery Para Series in Ahmedabad.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ITANAGAR-VP VISIT

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് അരുണാചൽ പ്രദേശ് സന്ദർശിക്കും. തലസ്ഥാനമായ ഇറ്റാനഗറിൽ സുരക്ഷയും ഒരുക്കങ്ങളും ശക്തമാക്കി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ രണ്ട് ദിവസത്തെ പര്യടനത്തിൻറെ ഭാഗമായാണ് ഇറ്റാനഗർ സന്ദർശനം. സന്ദർശന ത്തിൻറെ ഭാഗമായി നാളെ അദ്ദേഹം അരുണാചൽ പ്രദേശ് നിയമസഭ യുടെ പ്രത്യേക സമ്മേളനത്തിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PM GUJARAT MAHARASHTRA VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തും മഹാരാഷ്ട്രയും സന്ദർ ശിക്കും. ഇരു സംസ്ഥാനങ്ങളിലുമായി നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.
**വിശദാംശങ്ങളിലേക്ക്....**

**(ഹോൾഡ് വോയ്സ്)**

ഗുജറാത്തിലെ വഡോദരയിൽ 35,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. വെസ്റ്റേൺ ഡെഡിക്കേറ്റഡ് ഫ്രൈറ്റ് കോറിഡോറിൻറെ പൂർത്തിയായ മൂന്ന് പ്രധാന ഭാഗങ്ങൾ രാജ്യത്തിന് സമർപ്പിക്കുന്നതിനൊപ്പം പുതിയ ചരക്ക് ട്രെയിൻ സർവീസുകളും വഡോദര-താണ്ഡ റോഡ് റെയിൽ പാതയും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. റെയിൽവേ, ദേശീയപാത, ഗുജറാത്ത് സർക്കാർ പദ്ധതികൾ എന്നിവയ്ക്കും അദ്ദേഹം തറക്കല്ലിടും. തുടർന്ന് മഹാരാഷ്ട്രയിലെത്തുന്ന പ്രധാനമന്ത്രി, മുംബൈയിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026 ഉദ്ഘാടനം ചെയ്യും.

## LUXEMBOURG - INDIA UNSC

ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ സ്ഥിര അംഗത്വത്തിനായുള്ള ഇന്ത്യയുടെ അവകാശവാദത്തെ പിന്തുണച്ച് ലക്സംബർഗ് ഉപപ്രധാന മന്ത്രിയും വിദേശകാര്യ മന്ത്രിയുമായ സേവ്യർ ബെറ്റൽ. ഇന്നത്തെ ആഗോള ക്രമത്തിൻറെ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന തരത്തിൽ സുരക്ഷാ കൗൺസിൽ പരിഷ്കരിക്കപ്പെടേണ്ടതുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ ആഗോള പ്രാധാന്യം കണക്കിലെടുക്കുമ്പോൾ സുരക്ഷാ കൗൺസിലിൽ ഇന്ത്യ ഉൾപ്പെടേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

## RAJNATH SINGH (INTRO)

രാജ്യം പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തതയും ആത്മവിശ്വാസവും കൈവരിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. 2016-ൽ മിസൈൽ ടെക്നോളജി കൺട്രോൾ റെജിമിൽ അംഗമായത് ബ്രഹ്മോസ് മിസൈലിൻറെ പരിധി വർദ്ധിപ്പിക്കാൻ രാജ്യത്തെ പ്രാപ്തമാക്കിയതായും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. പ്രതിരോധ മേഖലയിലെ സർക്കാ രിൻറെ നേട്ടങ്ങൾ എടുത്തുപറഞ്ഞ ശ്രീ സിംഗ് ഇന്ത്യ നിലവിൽ നൂറിലധികം രാജ്യങ്ങളിലേക്ക് ഏകദേശം 38,500 കോടി രൂപയുടെ പ്രതിരോധ ഉപകരണങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെന്നും കൂട്ടിച്ചേർത്തു.
**(ഹോൾഡ് വോയ്സ്...........)**

## AMITSHAH

പടിഞ്ഞാറൻ മേഖലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും 28-ാമത് സോണൽ കൗൺസിൽ യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ യുടെ അധ്യക്ഷതയിൽ ഗോവയിലെ പനാജിയിൽ ചേർന്നു. മേഖലാ കൗൺസിലുകൾ കേവലം തർക്കപരിഹാര വേദികൾ എന്നതിനപ്പുറം പൊതുജനക്ഷേമ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള

വേദിയായി വികസിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പല നദിതർക്കങ്ങളും പരിഹരിക്കാൻ കൗൺസിലിന് സാധിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി അഭിപ്രായ പ്പെട്ടു. ഗോവ, ഗുജറാത്ത്, മഹാരാഷ്ട്ര മുഖ്യമന്ത്രിമാർ ഉൾപ്പെടെ യോഗ ത്തിൽ പങ്കെടുത്തു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## DEFENCE ACQUISITION COUNCIL

സായുധ സേനകൾക്കായി ഒരു ലക്ഷത്തി പതിനായിരം കോടിയിലധികം രൂപയുടെ ആയുധങ്ങളും, സാങ്കേതിക വിദ്യകളും, മറ്റ് വിഭവങ്ങളും സംഭരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന പ്രതിരോധ സംഭരണ കൗൺസിൽ യോഗത്തിലാണ് തീരുമാനം. രാസ, ജൈവ, ആണവ വികരണ വസ്തുക്കളുടെ സാന്നിധ്യം കണ്ടെത്താനും നിരീക്ഷിക്കാനും മറ്റും ഉപയോഗിക്കുന്ന അത്യാധുനിക റെക്കി വാഹനങ്ങൾ, ഭാരം കുറഞ്ഞ ഹെലികോപ്റ്ററുകൾ, റഡാറുകൾ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങളും സംഭരിക്കാനാണ് അംഗീകാരം നൽകിയത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## HEAT - KERALA

കേരളത്തിൽ ചൂട് വീണ്ടും വർധിക്കുന്നു. നാളെവരെ താപനില മൂന്ന് മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വർദ്ധിച്ച ചൂട് നിരവധി ആരോഗ്യപ്രശനങ്ങ ൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## K. ACHYUTHAN

ഇന്നലെ അന്തരിച്ച ചിറ്റൂർ മുൻ എംഎൽഎ- കെ. അച്യുതന്റെ സംസ്കാരം ഇന്ന് ഉച്ചക്ക് ചാലക്കളം വീട്ടുവളപ്പിൽ നടക്കും. രാവിലെ എട്ടു മണിവരെ വസതിയിലും തുടർന്ന് നെഹ്റു നഗറിലും, ചിറ്റൂർ തത്തമംഗലം നഗരസഭ യിലും, തത്തമംഗലം സർവീസ് സഹകരണ ബാങ്കിലും പൊതുദർശനം ഉണ്ടായിരിക്കും.

## GOYAL-MACHTECH EXPO (INTRO)

'ലോകത്തിൻറെ ഫാർമസി' എന്ന നിലയിലുള്ള ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്താനും, ആഗോള മെഡിക്കൽ-ആരോഗ്യ സംരക്ഷണ കേന്ദ്ര മായി വളർത്താനും ആഹ്വാനം ചെയ്ത് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ ഇന്ത്യക്കാർക്കും ഉന്നത നിലവാരമുള്ള ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക മാത്രമല്ല, ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ആരോഗ്യ ക്ഷേമം ഉറപ്പാക്കുക എന്നതായിരിക്കണം രാജ്യത്തിൻറെ ലക്ഷ്യ മെന്നും കേന്ദ്ര മന്ത്രി അഭിപ്രായപ്പെട്ടു.

**(ഹോൾഡ് വോയ്സ്.........)**

## WORLD PARA ARCHERY

അഹമ്മദാബാദിൽ നടക്കുന്ന വേൾഡ് ആർച്ചറി പാരാ സീരീസിൽ നാല് ഫൈനലുകളിൽ ഇന്ത്യ ഇന്ന് മത്സരിക്കും. വനിതാ വിഭാഗം റീക്കർവ് ഫൈനലിൽ ഇന്ത്യയുടെ ഭാവന-പൂജ സഖ്യം ചൈനീസ് സഖ്യത്തെ നേരിടും. റീക്കർവ് പുരുഷ ഫൈനലിൽ ഹർവിന്ദർ സിങ്-വിജയ് സുന്ദി സഖ്യം സ്ലോവാക്യയോടും, കോമ്പൗണ്ട് പുരുഷ ഫൈനലിൽ ശ്യാം സുന്ദർ സ്വാമി-തോമൻ കുമാർ സഖ്യം ഇറാഖിനോടും ഏറ്റുമുട്ടും. മിക്സ്ഡ് വിഭാഗം ഫൈനലിൽ സ്വാതി ചൗധരി-ആദിൽ മുഹമ്മദ് നസീർ അൻസാരി സഖ്യം ചെക്ക് റിപ്പബ്ലിക്കിനെയാണ് നേരിടുന്നത്.

## ASIAN GAMES 2026

ഏഷ്യൻ ഗെയിംസ് 2026 ഈ മാസം 19 മുതൽ അടുത്തമാസം 4 വരെ ജപ്പാനിൽ നടക്കും. മത്സരങ്ങൾ നാളെ ആരംഭിക്കും. ഈ മാസം 17-ന് ടെക്ബോളിലൂടെയും 18-ന് വനിതാ ക്രിക്കറ്റിലൂടെയുമാണ് ഇന്ത്യയുടെ പോരാട്ടം തുടങ്ങുന്നത്.

പി.വി. സിന്ധു, മീരാഭായ് ചാനു, മനു ഭാക്കർ, അമൻ സെഹ്‌രാവത്, ലൗലിന ബോർഗോഹെയ്ൻ തുടങ്ങിയ പ്രമുഖ താരങ്ങൾ ഇന്ത്യയെ നയിക്കും. ബോക്സിംഗിലും 70-ലധികം താരങ്ങൾ അണിനിരക്കുന്ന അത്‌ലറ്റിക്സിലും ഇന്ത്യ മികച്ച മെഡൽ പ്രതീക്ഷയിലാണ്.

## INTERNATIONAL LITERACY DAY

അക്ഷരാഭ്യാസത്തിൻറെയും വിദ്യാഭ്യാസത്തിൻറെയും പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ട് ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം. വ്യക്തികളുടെയും സമൂഹത്തിൻറെയും വളർച്ചയ്ക്ക് സാക്ഷരത എത്രത്തോളം അനിവാര്യമാണെന്ന് ജനങ്ങളെ ബോധവത്കരിക്കുകയാണ് ദിനാചരണത്തിൻറെ പ്രധാന ലക്ഷ്യം.1966-ൽ നടന്ന യുനെസ്കോ ജനറൽ കോൺഫറൻസിലാണ് സെപ്റ്റംബർ 8 അന്താരാഷ്ട്ര സാക്ഷരതാ ദിനമായി പ്രഖ്യാപിച്ചത്. 1967 മുതലാണ് ഇത് ആഗോളതലത്തിൽ ആചരിച്ച് തുടങ്ങിയത്.

## IRAN - INDIA BRICS

ന്യൂഡൽഹിയിൽ ഈ മാസം 12, 13 തീയതികളിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്ക് മുന്നോടിയായി, പ്രമുഖ നയതന്ത്ര കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ പങ്കിനെ ഇറാൻ പ്രശംസിച്ചു. ഇറാൻ പ്രസിഡൻറ് മസൂദ് പെസെഷ്കിയാൻറെ ഡൽഹി സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരവും തന്ത്രപ്രധാന സഹകരണവും വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് ഇസ്മായിൽ ബഘായി പ്രത്യാശ പ്രകടിപ്പിച്ചു. വ്യാപാരം, സമ്പദ്‌വ്യവസ്ഥ, അടിസ്ഥാന സൗകര്യ വികസനം, എന്നിവയിൽ ഇന്ത്യയും ഇറാനും തമ്മിൽ ശക്തമായ സഹകരണമാണുള്ളതെന്നും ഇറാൻ വക്താവ് പറഞ്ഞു.

## IRAN- US CONFLICT

തങ്ങളുടെ കേന്ദ്രങ്ങൾക്ക് നേരെ അമേരിക്ക നടത്തുന്ന ആക്രമണങ്ങൾക്ക് ശക്തമായി തിരിച്ചടിക്കുമെന്ന് ഇറാൻ. ഗൾഫ് മേഖലയിലെ യു.എസ് എണ്ണ - വാതക കേന്ദ്രങ്ങൾ സുരക്ഷിതമല്ലെന്ന് ഇറാൻ പാർലമെൻറ് സ്പീക്കർ മുഹമ്മദ് ബഖർ ഖാലി ബാഫ് മുന്നറിയിപ്പ് നൽകി. കഴിഞ്ഞ ദിവസങ്ങളിൽ

ഇരുരാജ്യങ്ങളും തമ്മിലുണ്ടായ ആക്രമണങ്ങളെ തുടർന്ന് ആഗോളവിപണിയിൽ എണ്ണവില ഉയർന്നു. സംഘർഷം കൂടുതൽ ശക്തിപ്പെടുന്നത് മേഖലയിൽ വലിയ ആശങ്കയ്ക്ക് കാരണമായിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## INDIA - 6G NETWORK

6G നെറ്റ്‌വർക്ക് വികസനത്തിനായുള്ള അന്താരാഷ്ട്ര കൂട്ടായ്മയിൽ പങ്കാളിയായി ഇന്ത്യ. അമേരിക്ക ഉൾപ്പെടെയുള്ള 24 രാജ്യങ്ങളാണ് കൂട്ടായ്മയിൽ ഉൾപ്പെട്ടിരിക്കുന്നത്. അമേരിക്കയിലെ മിയാമിയിൽ നടന്ന ജി20 ഇന്നൊവേഷൻ മിനിസ്റ്റീരിയൽ യോഗത്തിന് മുന്നോടിയായി കേന്ദ്ര വാണിജ്യ വ്യവസായ സഹമന്ത്രി ജിതിൻ പ്രസാദയും യു.എസ് വാണിജ്യ സെക്രട്ടറിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമായിരുന്നു ഔദ്യോഗിക പ്രഖ്യാപനം. 6ജി സാങ്കേതികവിദ്യയുടെ ഭാവിയെക്കുറിച്ചും വരും തലമുറ ടെലികമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കുകൾ വികസിപ്പിക്കുന്നതിൽ അന്താരാഷ്ട്ര സഹകരണത്തിൻറെ പ്രാധാന്യത്തെക്കുറിച്ചും ചർച്ച ചെയ്തു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## UP-FLOOD

അതിശക്തമായ മഴയെത്തുടർന്ന് അണക്കെട്ടുകൾ തുറന്നതോടെ ഉത്തർപ്രദേശിലെ 25 ജില്ലകളിൽ പ്രളയസമാനമായ സാഹചര്യം. ബറേലി, ഈറ്റ, ഷാജഹാൻപൂർ, ബഹ്‌റൈച്ച്, ലഖിംപൂർ ഖേരി എന്നിവിടങ്ങളിലാണ് കൂടുതൽ മഴ പെയ്തത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸
☸☸☸☸